(സി) ഉദ്യോഗസ്ഥതലത്തിൽ 27-11-2015-ന് ലാന്റ് ബോർഡ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ പുതുതായി രൂപീകരിച്ച ലാന്റ് ട്രിബ്യൂണൽ തഹസിൽദാർമാരുടെയും നിലവിലുള്ള ലാന്റ് ട്രിബ്യൂണൽ തഹസിൽദാർമാരുടെയും യോഗം വിളിച്ച് പ്രവർത്തന പുരോഗതി വിലയിരുത്തുകയും, ക്രമീകരണങ്ങൾ പൂർത്തിയാക്കി സമയബന്ധിതമായി ക്രയ സർട്ടിഫിക്കറ്റുകൾ അനുവദിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

പദ്ധതി പ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുക്കൽ

126(3005) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി സ്ഥലമേറ്റെടുക്കുന്നതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; ഏതെല്ലാം പദ്ധതികൾക്കാണ് ഭൂമി ഏറ്റെടുക്കുന്നത്; എത്ര അളവിൽ ഭൂമി ഏറ്റെടുക്കേണ്ടിവരും; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഏറ്റെടുക്കുന്ന ഭൂമിക്ക് വില നൽകുന്നതിന് എത്ര തുക വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; ആയതിനു വകയിരുത്തപ്പെട്ട തുക എത്ര;

(സി) വികസനപ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുത്ത വകയിൽ ഭൂവുടമകൾക്ക് ഇനിയും പണം നൽകാനുണ്ടോ; ഇതിന് എത്ര തുക വേണ്ടിവരും; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) വിവരം ശേഖരിച്ചു വരുന്നു.

നെന്മാറ നിയോജക മണ്ഡലത്തിലെ പട്ടയം

127(3006) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ നിന്നും പട്ടയം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളിൽ ഏത് വർഷം വരെയുള്ളവ തീർപ്പാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ പഞ്ചായത്തിലും ഇനി തീർപ്പാക്കാനുള്ള അപേക്ഷകളെ സംബന്ധിച്ച വിശദാംശം നൽകാമോ;

(സി) പട്ടയവിതരണത്തിലെ കാലതാമസം ഒഴിവാക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) മുതലമട പഞ്ചായത്തിലെ ഹിയറിംഗ് കഴിഞ്ഞ എത്ര പ്രസ്തുത അപേക്ഷകളാണ് തീർപ്പാക്കാനുള്ളത്, ആയത് എന്ന് ലഭ്യമാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റവന്യൂ ഉടമസ്ഥതയിലുള്ള ഭൂമി പതിവ് അപേക്ഷകളിൽ 2010 വരെയുള്ളവ തീർപ്പാക്കിയിട്ടുള്ളവയാണ്. റബ്ബർ പ്ലാന്റേഷൻ, മലയോരഭൂമി, വനഭൂമി എന്നിവയിലുൾപ്പെട്ട അപേക്ഷകളിൽ ഭൂമി പതിവ് ചട്ടം അനുശാസിക്കുന്നവയിൽ കൂടുതൽ ഭൂമി കൈവശമുള്ള അപേക്ഷകളിൽ 10 വർഷത്തിൽ കൂടുതൽ കാലയളവുള്ള അപേക്ഷകൾ തുടങ്ങിയവ തീർപ്പായിട്ടില്ലാത്തവയുണ്ട്.

(ബി) മുതലമട - 29, എലവഞ്ചേരി - 3, നെന്മാറ - 31, അയിലൂർ - 5, കയറാടി - 29, പല്ലശ്ശന - 10, കൊല്ലങ്കോട് - 9, വല്ലങ്ങി - 71, നെല്ലിയാമ്പതി - 86, തിരുവാഴിയാട് - 10.

(സി) ഉണ്ട്. വില്ലേജ് ഓഫീസർമാർക്ക് അടിയന്തരമായി റിപ്പോർട്ട് നൽകുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ നടപടി പൂർത്തിയായവ ലാന്റ് അസൈൻമെന്റ് കമ്മിറ്റിയിൽ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള തുടർനടപടികൾ ത്വരിതപ്പെടുത്തുന്നുമുണ്ട്.

(ഡി) മുതലമട ഗ്രാമപഞ്ചായത്തിൽ ഭൂമി പതിവ് കമ്മിറ്റി പാസ്സാക്കിയ കേസുകൾ ബാക്കിയില്ലാത്തതാണ്. നിലവിൽ 29 അപേക്ഷകൾ ബാക്കിയുണ്ട്. ആയതിന്മേൽ ത്വരിതഗതിയിൽ നടപടി സ്വീകരിച്ചുവരുന്നു.

പുതുതായി ആരംഭിച്ച താലൂക്കുകൾ

128(3007) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി എത്ര താലൂക്കുകൾ ആരംഭിക്കുമെന്നാണ് ഈ സർക്കാർ പ്രഖ്യാപിച്ചതെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ നാളിതുവരെ എത്ര താലൂക്ക് ഓഫീസുകൾ ആരംഭിച്ചെന്ന് വിശദമാക്കാമോ;

(സി) ഇതിനായി പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചെന്നും ഏതൊക്കെ തസ്തികകളാണ് സൃഷ്ടിച്ചതെന്നും വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly